# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5181 27.06.2019 - ൽ മറുപടിയ്ക്ക്**

**<u>കേരള ജനറിക്കിന് ആവശ്യമായ മരുന്നുപട്ടിക</u>**

| | ചോദ്യം<br>ശ്രീമതി.അയിഷാ പോറ്റി : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരള ജനറിക്കിന് ആവശ്യമായ മരുന്നുപട്ടിക തയ്യാർ ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന കുറിപ്പടികൾ നിരീക്ഷണവിധേയമാക്കി Fast Moving Drugs തരംതിരിച്ച്, കേരളത്തിലെ ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആൻറിബയോട്ടിക്കുകളും ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ സംഭരിച്ചത്. രണ്ടാം ഘട്ടമായി 40 ഇനം ജനറിക് മരുന്നുകൾ കൂടി സംഭരിച്ച് വിതരണം ചെയ്ത് വരുന്നു. |
| (ബി) | ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ സംസ്ഥാനത്ത് കൂടുതൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (ബി) | ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്നു.<br>1. പ്രതിവർഷം 100 കോടി രൂപ വിറ്റുവരവുള്ള കമ്പനികളിൽ നിന്നുമാണ് മരുന്ന് സംഭരിക്കുന്നത്.<br>2. ടി കമ്പനികൾക്ക് പൊതുവിപണിയിൽ 20 വർഷമെങ്കിലും പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.<br>3. വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നുകൾക്കും NABL certificate നിർബന്ധമായും ഉണ്ടായിരിക്കണം.<br>4. കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകൾക്ക് വിതരണ സമയത്ത് 80 ശതമാനത്തിലധികം കാലാവധിയുണ്ടായിരിക്കണം.<br>കൂടാതെ, ലോകാരോഗ്യസംഘടനയുടെ നിബന്ധനകളായ WHO-GMP (World Health Organization – Good Manufacturing Practice), COPP (Certificate of Pharmaceutical Product) തുടങ്ങിയവ പാലിച്ചു കൊണ്ട് ഉത്പ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ മാത്രം പരിഗണിക്കുന്നതിനുള്ള ത്വരിത നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് നിലവിൽ ജനറിക് മരുന്നുകളുടെ വിപണന കേന്ദ്രങ്ങൾ എവിടെയെല്ലാമാണുള്ളത്? | (സി) | തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറലാശുപത്രിയിലും സ്ഥിതി ചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ, 2017 മുതൽ, ജനറിക് മരുന്നുകൾ വില്ക്കുന്നതിന് മാത്രമായി ഒരോ കൗണ്ടർ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പ്രകാരം നിർവ്വഹിക്കുന്ന മരുന്ന് വിതരണത്തിലും, ലഭ്യമായ ജനറിക് മരുന്നുകൾ ഉൾപ്പെടുത്തി, ജനറിക് മരുന്ന് വിതരണത്തിന്റെ ശാക്തീകരണം ഉറപ്പാക്കുന്നു. |

സെക്ഷൻ ആഫീസർ